71

# പൗലൊസ് വിചാരണയിൽ!

## (24:1- 23)

ഒരു ഇടവകക്കു സുവിശേഷകൻ ആവശ്യമായിരുന്നു. ഏതു തരത്തിലുള്ള ഉപദേഷ്ടാവാണ് സഭയ്ക്ക് ആവശ്യമെന്ന് മൂപ്പന്മാരിൽ ഒരാൾ അന്വേഷിച്ചു കൊണ്ടിരുന്നു. അതിനായി, ഒരു അപേക്ഷയിൽ നിന്നു കിട്ടിയ ഒരു കത്തു പോലെ ഒന്നു തയ്യാറാക്കി ഇടവകയെ വായിച്ചു കേൾപ്പിച്ചു:

മാന്യരേ:

നിങ്ങൾക്ക് ഒരു ഉപദേഷ്ടാവു വേണമെന്നു മനസിലാക്കിയതു കൊണ്ട്, ഞാൻ അപേക്ഷിക്കാൻ ആഗ്രഹിക്കുന്നു.

നിങ്ങൾ അനുമോദിക്കുമെന്നു വിചാരിക്കുന്ന അനവധി യോഗ്യതകൾ എനിക്കുണ്ട്. ശക്തമായി പ്രസംഗിക്കുവാൻ ഞാൻ അനുഗ്രഹീതനായിട്ടുണ്ട്, കൂടാതെ എഴുത്തുകാരനായി വിജയിക്കുവാനും കഴിഞ്ഞിട്ടുണ്ട്. ഞാൻ നല്ലൊരു സംഘാടകനാണെന്നു ചിലർ പറഞ്ഞിട്ടുണ്ട് ഞാൻ പോയിട്ടുള്ള അനേകം സ്ഥലങ്ങളിൽ ഞാൻ നയിക്കുന്നവനായിരുന്നു.

എങ്ങനെയായാലും, ചിലർ, ചിലതിൽ എനിക്കെതിരായിട്ടുണ്ട്. എനിക്ക് അമ്പതു വയസിൽ കൂടുതൽ പ്രായമുണ്ട്. എന്റെ ആരോഗ്യം അത്ര മെച്ചമല്ല, പക്ഷേ കാര്യങ്ങൾ നന്നായി എനിക്ക് ചെയ്യാൻ കഴിയും. ഒരു സ്ഥലത്തും ഞാൻ മൂന്നു വർഷത്തിലധികം പ്രസംഗിച്ചിട്ടില്ല. ഞാൻ പ്രസംഗിച്ചിട്ടുള്ള ഇടവകകളിൽ അധികവും ചെറിയവയായിരുന്നു. ഞാൻ അദ്ധ്വാനിച്ചാണ് എന്റെ ചെലവുകൾ നടത്തിയിരുന്നത് രേഖകൾ സൂക്ഷിക്കുന്നതിൽ ഞാൻ അത്ര പ്രാഗത്ഭ്യമുള്ളവനല്ല (ഞാൻ ആരെ സ്നാനപ്പെടുത്തി എന്നു പോലും മറന്നു പോകുന്നവനാണ്).

പല ടൗണുകളിലേയും മതപരമായ അദ്ധ്യക്ഷന്മാരുമായി ഒത്തു പോകാൻ എനിക്കു കഴിഞ്ഞില്ല. വാസ്തവത്തിൽ, ചിലർ എന്നെ ഭീഷണിപ്പെടുത്തിയിട്ടുണ്ട്, കോടതിയിൽ കയറ്റിയിട്ടുണ്ട്, ശാരീരികമായും എന്നെ ആക്രമിച്ചിട്ടുണ്ട്. പല സ്ഥലങ്ങളിൽ നിന്നും കല

> ഹവും ശല്യവും കാരണം പെട്ടെന്ന് എനിക്ക് പോകേണ്ടതായി വന്നിട്ടുണ്ട്. മൂന്നോ അല്ലെങ്കിൽ നാലോ വർഷം ഞാൻ തടവിൽ കിടന്നിട്ടുണ്ട്, പക്ഷെ തെറ്റുചെയ്തതു കൊണ്ടല്ല.
>
> നിങ്ങൾക്കു എന്നെ ഉപയോഗിക്കാൻ കഴിയുമെങ്കിൽ, എന്റെ ചെലവിനു വേണ്ടി ഞാൻ അദ്ധ്വാനിക്കേണ്ടി വന്നാലും എന്റെ കഴിവിന്റെ പരമാവധി നിങ്ങളെ സേവിക്കാം.[1]

കത്തു വായിച്ചശേഷം, മൂപ്പൻ അംഗങ്ങളോടു നിങ്ങൾ ഈ അപേക്ഷകനിൽ താല്പര്യപ്പെടുന്നുണ്ടോ എന്നു ചോദിച്ചു. അങ്ങനെയുള്ള ആൾ ഒരിക്കലും ഈ ഇടവകയെ ശരിക്കു കൊണ്ടു പോകയില്ല എന്നു എല്ലാവരും പറഞ്ഞു. അനാരോഗ്യമുള്ള, അസ്ഥിരമായ, പ്രശ്നം - ഉണ്ടാകുന്ന, ഒരു കുറ്റവാളിയായ ഉപദേഷ്ടാവു അപേക്ഷ തന്നതു തന്നെ അവഹേളനമാണ്. എങ്ങനെയായാലും, ഒരാൾ, ആ ഉപദേഷ്ടാവിന്റെ പേർ എന്തെന്നു ചോദിച്ചു. മൂപ്പൻ മറുപടി പറഞ്ഞു, "അപ്പൊസ്തലനായ പൗലൊസ്."

യെരുശലേമിൽ ചുരുക്കമായി - ഒരു കുറ്റവാളിയായ ഒരു "തടവു പക്ഷി," ആയിട്ടാണ് അവസാനത്തെ ഏഴു അദ്ധ്യായങ്ങളിൽ പൗലൊസിനെ പറ്റി പറയുന്നത് (22:24), പിന്നെ രണ്ടു വർഷം കൈസര്യയിൽ (23:33–35; 24:27), അതിനെത്തുടർന്നു ചുരുങ്ങിയതു റോമയിൽ രണ്ടു വർഷം (28:16, 30). തടവു ജീവിതത്തിനു പൗലൊസ് അപരിചിതൻ ആയിരുന്നില്ല. പലപ്പോഴും അവനെ തടവിലാക്കിയിട്ടുണ്ട് (2 കൊരിന്ത്യർ 11:23). പൗലൊസിനെയും സഹപ്രവർത്തകനെയും അടിച്ചു - കൃമികളിൽ ഫിലിപ്പിയയിൽ വെച്ചു കെട്ടിയിട്ട തടവിനെക്കുറിച്ചു നാം പഠിച്ചതാണ് (പ്രവൃത്തികൾ 16). എങ്ങനെയായാലും, അപ്പൊസ്തലനു ദിവസംതോറും, ആഴ്ച്ചതോറും, വർഷം തോറും, ഉള്ള തടങ്കൽ ഉണ്ടായിട്ടുണ്ടെങ്കിലും അവയൊന്നും ഇതുപോലെ ആയിരുന്നില്ല. അവൻ എപ്പോഴും, ഊർജ്ജസ്വലതയുള്ളവനായതു കൊണ്ട്, പൗലൊസിന്റെ ജീവിതത്തിൽ ഏറ്റവും വലിയ പരീക്ഷണാനുഭവമായിരുന്നതു ഇത്. ഈ അദ്ധ്യായങ്ങൾ നാം പഠിക്കുമ്പോൾ, എങ്ങനെയായാലും, ക്രിയാത്മകമായ, ഉല്ലാസപ്രദമായ പൗലൊസിന്റെ ഈ സന്ദർഭത്തിലെ സഹിഷ്ണുത നമുക്കു കാണാം.[2]

നമ്മുടെ കഴിഞ്ഞ പാഠത്തിൽ, പൗലൊസിനെ കൈസര്യയിൽ കൊണ്ടു വന്നു ദേശാധിപതി ഫെലിക്സിനു ഏല്പിച്ചതു, അവൻ അവനെ ഹെരോദാവിന്റെ ആസ്ഥാനത്തിലേക്കയച്ചതും നാം പഠിച്ചു (23:23–35). ഈ പാഠം പൗലൊസിന്റെ കൈസര്യയിലെ വിസ്താരവും - അഞ്ചിലധികം വർഷങ്ങൾ തടവിൽ ചെലവഴിച്ചു അനേകം വിചാരണകളിൽ ഒന്നു നേരിടുകയുണ്ടായി.[3] പൗലൊസിനെ ആക്രമിച്ചു ഉപദ്രവിച്ചപ്പോഴും, അവൻ "സന്തോഷവാനായി" തന്നെ കാണപ്പെട്ടു (24:10).

### ഒരു കാപട്യമുള്ള കുറ്റാരോപണം (24:1-9)

പൗലൊസ് യെരുശലേം വിട്ടു സുരക്ഷിതനായ ശേഷം, സഹസ്രാധിപൻ പൗലൊസിനെ കൈസര്യയിലേക്ക് കൊണ്ടു പോയതായി ന്യായാധിപസംഘത്തെ അറിയിച്ചു. വളരെ തൃപ്തിയോടെ ആ ഉദ്യോഗസ്ഥൻ

അതു പറഞ്ഞ് നിങ്ങൾക്ക് കേസ് തുടരണമെന്നുണ്ടെങ്കിൽ, ദേശാധിപതിയായ ഫെലിക്സിന്റെ മുമ്പാകെ പരാതി ബോധിപ്പി ക്കാം.[4] അവരുടെ പിടിയിൽ നിന്നു പൗലൊസ് വീണ്ടും രക്ഷപ്പെട്ടു എന്നറിഞ്ഞപ്പോൾ യെഹൂദ പ്രമാണിമാർ ക്ഷുബ്ധരായിക്കാണും, എന്നാൽ അവർ പരാജയം സമ്മതിച്ചില്ല. ദിവസങ്ങൾക്കു ശേഷം, അവർ വീണ്ടും അവനെ ഒടുക്കുവാൻ പദ്ധതി ആവിഷ്ക്കരിച്ചു.

"അഞ്ചുനാൾ കഴിഞ്ഞ ശേഷം[5] മഹാ പുരോഹിതനായ അനന്യാസ്[6] മൂപ്പന്മാരോടും തെർത്തുല്ലോസ് എന്ന ഒരു വ്യവഹാരജ്ഞനോടും കൂടി വന്നു[7] [കൈസര്യയിൽ] പൗലൊസിന്റെ നേരെ,[8] ദേശാധിപതിയുടെ[9] മുമ്പാകെ അന്യായം;[10] ബോധിപ്പിച്ചു" (വാക്യം 1). പ്രായമായ അനന്യാസ് ഒരു പക്ഷെ അറുപതിൽ – അധികം മൈൽ യാത്ര ചെയ്തു കൈസര്യയിൽ പോകുവാൻ ഒരു പക്ഷേ മടി കാണിച്ചിരിക്കും, എന്നാൽ പൗലൊസിനെ ഇല്ലാതാക്കാനയതുകൊണ്ട് എത്ര കഷ്ടം സഹിക്കാനും തയ്യാറായി. അവനും മറ്റു പ്രമാണിമാരും വാഗ്വൈഭവമുള്ള വ്യവഹാരകനോടുകൂട്ടി കേസ് അവതരിപ്പിക്കാൻ വന്നു. അവർ ഇങ്ങനെ ചെയ്യാൻ കാരണം (1) അവരേക്കാൾ, റോമാ നിയമം തെർത്തുല്ലൊസിനു സുപരിചിതമായതുകൊണ്ടും (2) വിളിച്ചിരിക്കുന്ന സാഹചര്യത്തിൽ മുഖസ്തുതിയിൽ അവർ വീണു പോകുമെന്നുള്ളതുകൊണ്ടും ആണ്.

അവർ കൈസര്യയിൽ എത്തിയശേഷം, അവരെ ഫെലിക്സിന്റെ കോട്ടയിൽ,[11] യെഹൂദ്യയിലെ ദേശാധിപതി (നാടുവാഴി) വരുവാനായി അപേക്ഷിച്ചു.[12] പൗലൊസിനെ കൊണ്ടു വന്നപ്പോൾ (24:2), തെർത്തുല്ലൊസ് "അറപ്പുളവാക്കുന്ന അധ്യായം" ബോധിപ്പിപ്പാൻ തുടങ്ങി:[13]

> അവനെ വിളിച്ചാറെ തെർത്തുല്ലൊസ് അന്യായം വിവരിച്ചു പറഞ്ഞതെന്തെന്നാൽ, രാജ ശ്രീ ഫേലിക്ഷേ, നീ മുഖാന്തരം ഞങ്ങൾ വളരെ സമാധാനം അനുഭവിക്കുന്നതും നിന്റെ [അതായത്, പരിപാലനത്താൽ] ഈ ജാതിക്കു ഏറിയ ഗുണീകരണങ്ങൾ സാധിച്ചിരിക്കുന്നതും, ഞങ്ങൾ എപ്പോഴും എല്ലായിടത്തും, പൂർണ്ണ നന്ദിയോടും കൂടെ അംഗീകരിച്ചിരിക്കുന്നു (വാക്യങ്ങൾ 2, 3).

വാസ്തവത്തിൽ, ഫെലിക്സ് പല മത്സരങ്ങളിലും തരം താഴ്ത്തപ്പെട്ടതാണ്;[14] എന്നാൽ അവൻ സാധാരണ യെഹൂദന്മാരെപ്പോലും ക്ഷുബ്ധനാക്കിയ അലിവില്ലാത്തവനായിരുന്നു. അവർക്കു സമാധാനം ഉണ്ടായിരുന്നതെല്ലാം ഫെലിക്സ് ഉണ്ടായിരുന്ന സമയത്തായിരുന്നില്ല, അവനു പകരം വാണിരുന്നവരുടെ സമയത്താണെന്നു യെഹൂദ്യയിലെ പൗരന്മാർ മിക്കവരും പറയും. എങ്ങനെയായാലും, ഫെലിക്സ്, ഇപ്പോൾ ന്യായാധിപനും വിചാരക സമിതിയുമാണ് – തങ്ങളുടെ ഭാഗം ജയിക്കുന്നതിനു തെർത്തുല്ലൊസ് എന്തും പറയും.

ചക്കര – വാക്കുകാരനായ വ്യവഹാരജ്ഞൻ തുടർന്നു: "എങ്കിലും, നിന്നെ അധികം അസഹ്യപ്പെടുത്തരുത് എന്നു വെച്ച് [പ്രശംസ ദേശാധിപതിക്കു അസഹ്യമാകുമെന്ന പോലെ!], ക്ഷമയോടെ, ചുരുക്കത്തിൽ, ഞങ്ങളുടെ അന്യായം കേൾക്കാഞ്ഞതല്ലേ" (വാക്യം 4). പിന്നെ തെർത്തു

ല്ലൊസ് പൗലൊസിനെതിരെ മൂന്നു അന്യായം ബോധിപ്പിച്ചു – ആ ആരോപണങ്ങൾ മുഖസ്തുതി പോലെ തന്നെ വ്യാജമായിരുന്നു:

ഒന്നാമത്തേതു *വ്യക്തിപരമായ* കുറ്റമായിരുന്നു: "ഈ മനുഷ്യൻ വാസ്തവത്തിൽ ഒരു ബാധയാണ് ..." (വാക്യം 5) – അക്ഷരികമായി, "ഒരു ബാധ, ഒരു കീടമാണ്"! മറ്റൊരു വാക്കിൽ, "പൗലൊസ് ഒന്നാം – തരം കുഴപ്പക്കാരൻ, ജീവിക്കാൻ അനുവദിക്കുന്ന ശരിയായ ചിന്തയില്ലാത്തവൻ എന്നു പറയുന്നു!"

അടുത്തതു *രാഷ്ട്രീയ* കുറ്റമായിരുന്നു: "ലോകത്തിലെ സകല യെഹൂദന്മാരുടെയും ഇടയിൽ കലഹമുണ്ടാക്കുന്നവനും, നസ്രായ മതത്തിനു മുമ്പനും" (വാക്യം 5). ഈ കുറ്റാരോപണം ഫെലിക്സിനു വലിയ താല്പര്യം ജനിപ്പിക്കുന്നതായിരുന്നു, കാരണം അവനെ സമാധാന പാലനത്തിനാണ് റോമാ ഗവൺമെന്റ് നിയമിച്ചിരിക്കുന്നത്. ആ കുറ്റത്തിൽ സത്യത്തിലെ ഒരു ചെറിയ മൂലകം ഉണ്ട് കാരണം, പൗലൊസ് ആയിരുന്ന പല സ്ഥലങ്ങളിലും ക്രമസമാധാനം നഷ്ടപ്പെട്ടിട്ടുണ്ട്.[15] എങ്ങനെയായാലും, പൗലൊസാണ് കുഴപ്പത്തിനു കാരണക്കാരൻ എന്ന് അർത്ഥമാക്കിയതു, അവാസ്തവമായിരുന്നു.

"നസ്രായ മതത്തിന്റെ[16] മുമ്പൻ" എന്ന പ്രയോഗം നോക്കുക. തിരവെഴുത്തിൽ ഇവിടെ മാത്രമെ "നസ്രായ" എന്ന വാക്ക് ക്രിസ്ത്യാനികളെ ഉപയോഗിച്ചു പറഞ്ഞിട്ടുള്ളു. ഇതു "നസ്രായനായ യേശുവിന്റെ അനുയായികൾ"[17] എന്നു യെഹൂദന്മാർ അർത്ഥമാക്കി വിളിച്ചതായിരു ന്നു. ഇത് ഒരു അപഹാസ്യ വാക്കായിരുന്നു: "നസ്രത്തിൽ നിന്നു വല്ല നന്മയും വരുമോ?" (യോഹന്നാൻ 1:46).[18] തെർത്തുല്ലൊസ് ഈ നിന്ദിക്കപ്പെട്ട കൂട്ടത്തെ ഒരു "വിഭാഗം" എന്നു വിളിച്ചതുകൊണ്ട്, ഒരു പക്ഷെ ക്രിസ്ത്യാനിത്വത്തെ നിയമരഹിത മതമെന്നു പറഞ്ഞു[19] റോമിനാൽ നീക്കം ചെയ്യണമെന്നും ആവശ്യപ്പെട്ടു.

അവസാനം, വ്യവഹാരജ്ഞൻ *ഭക്തിപരമായ* (അതായതു, മതപരം) കുറ്റമാണ് ചുമത്തിയത്: "അവൻ ദൈവാലയം തീണ്ടിപ്പാനും ശ്രമിച്ചു" (പ്രവൃത്തികൾ 24:6). ആരംഭത്തിൽ, ആസ്യയിലെ യെഹൂദന്മാർ പൗലൊസ് ദൈവാലയം തീണ്ടിച്ച*തായി* നിലവിളിച്ചു (21:28); ഇപ്പോൾ ആ കുറ്റം മൃദുവാക്കി "അവൻ ... ദൈവാലയം തീണ്ടിപ്പാനും *ശ്രമിച്ചു*" – കൂടുതൽ പൊള്ളയായതും തെളിയിക്കാനോ, തെളിയിക്കാതിരിക്കാനോ കഴിയാതിരുന്നു. മുൻപു നാം കണ്ടതുപോലെ, ദൈവാലയത്തെ ആരും അശുദ്ധമാക്കാതിരിക്കാൻ റോമാ അധികാരികളെ ദൈവാലയത്തിൽ നിയോഗിച്ചിട്ടുണ്ട്.[20]

തെർത്തുല്ലൊസ് കൂട്ടിച്ചേർത്തു:

> അവനെ ഞങ്ങൾ പിടിച്ചു. [ഞങ്ങളുടെ ന്യായപ്രമാണ പ്രകാരം വിസ്തരിപ്പാൻ വിചാരിച്ചു. എങ്കിലും സഹസ്രാധിപനായ ലൂസിയാണ് വളരെ ബലത്തോടെ വന്നു, അവനെ ഞങ്ങളുടെ കയ്യിൽ നിന്നും പിടിച്ചു കൊണ്ടുപോയി, അവന്റെ വാദികൾ നിന്റെ മുമ്പാകെ വരുവാൻ കല്പിച്ചു] (വാക്യങ്ങൾ 6, 7, 8).

22-ാം അദ്ധ്യായത്തിലെ രംഗം ഒരു ഔപചാരിക തടവിന്റെയും നല്ല വിസ്താരത്തിന്റെയും ഒരുക്കമായിരുന്നു എന്നു പറയാനാവില്ല! വാരെൻ വിയേഴ്സ്ബേ പറഞ്ഞു, "പൗലൊസിന്റെ തടവിനെക്കുറിച്ചുള്ള ലൂക്കൊസിന്റെ വിവരണവും (പ്രവൃത്തികൾ 21:27-40) സഹസ്രാധിപന്റെ വിവരണവും (പ്രവൃത്തികൾ 23:25-30) വ്യവഹാരജ്ഞന്റെ വിവരണവും (പ്രവൃത്തികൾ 24:6-8) താരതമ്യം ചെയ്താൽ, ന്യായാധിപനും വിചാരക സമിതിയും തെറ്റിദ്ധരിച്ചതെന്തുകൊണ്ടെന്നു മനസ്സിലാക്കും."[21] തീർച്ചയായും, യെഹൂദന്മാർ കൊല്ലാതെ പൗലൊസിനെ രക്ഷിക്കുവാൻ ലൂസിയാസ് കത്തെഴുതിയതു ഫെലിക്സിന്റെ കയ്യിൽ ഉണ്ടെന്നതു വ്യവഹാരജ്ഞനു അറിയില്ലായിരുന്നു (23:27).

"ഞങ്ങൾ വിചാരിച്ചു" 24:6-ലെ എന്ന പ്രയോഗത്തിനു മുൻപുള്ള ബ്രാക്കറ്റും 8-ാം വാക്യത്തിലെ "നിന്റെ അടുക്കൽ വരുന്നതിനു മുൻപു" എന്നതിനു ശേഷമുള്ള ബ്രാക്കറ്റും ശ്രദ്ധിക്കുക 6, 7 എന്നീ വാക്യങ്ങളിലെ അവസാനവും, 8-ാം വാക്യത്തിലെ ആരംഭവും നിരവധി കയ്യെഴുത്തുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ വായനക്കു വേദശാസ്ത്ര പരമായി മതിയായ തെളിവുകൾ ഇല്ലാത്തതുകൊണ്ട്, മിക്ക തർജ്ജിമക്കാരും അതുൾപ്പെടുത്താതെ ബ്രാക്കറ്റിട്ടോ, കുറിപ്പുകളായോ, നീക്കിവെക്കും.[22] പ്രവൃത്തികളെക്കുറിച്ചുള്ള തന്റെ തർജ്ജിമയിൽ, സൈമൺ ക്രിസ്റ്റെമേക്കർ വിവരിച്ചു, "വെസ്റ്റൺ റീഡിങ്ങിൽ ആണ് കുറച്ച് അധികാരികത. അതുകൊണ്ട്, അതു ഉൾപ്പെടുത്തിയതുഞാൻ നിഷേധിക്കുന്നില്ല, എന്നാൽ വിവേകമുള്ളസ്ഥലമാണ് ബ്രാക്കറ്റിനുള്ളിൽ."[23] എഫ്. എഫ്. ബ്രൂസ് സമ്മതിച്ചു: "വെസ്റ്റേൺ കൂട്ടിച്ചേർത്ത ശബ്ദം തെർത്തുല്ലൊസിന്റെ പ്രസംഗവും ശേഷിച്ച ഭാഗങ്ങളും വാസ്തവത്തിൽ അനുകൂലിച്ച് സമ്മതിക്കത്തക്കതാണ്."[24]

പൗലൊസിനെതിരെ ദേശാധിപതിയെ ബോധ്യപ്പെടുത്താവുന്നതെല്ലാം വിസ്തരിച്ചു പറഞ്ഞു, തെർത്തുല്ലൊസ് അവസാനിപ്പിച്ചു: "നീ തന്നെ അവനെ വിസ്തരിച്ചാൽ, ഞങ്ങൾ അന്യായം ബോധിപ്പിക്കുന്ന ഈ സകല സംഗതികളും അറിഞ്ഞുകൊൾവാൻ ഇടയാകും" (വാക്യം 8). ബ്രാക്കറ്റിലുള്ളതു മാറ്റി നിർത്തിയാൽ, തെർത്തുല്ലൊസ് പറഞ്ഞതു പൗലൊസിനെ വിസ്തരിക്കുന്നതാണ്;[25] ബ്രാക്കറ്റിലേതുകൂടെ ഉൾപ്പെടുത്തിയാൽ, റോമൻ സഹസ്രാധിപനേയും വിസ്തരിക്കണം എന്നാണ്.[26] ഏതായാലും, എല്ലാ വസ്തുതകളും ഫെലിക്സിനു ബോധ്യമാകുമ്പോൾ, അവൻ തങ്ങളുടെ ഭാഗം ചേരും എന്ന് വ്യാവഹാരജ്ഞൻ പ്രകടിപ്പിച്ചു.

ആ സമയത്ത്, മഹാപുരോഹിതന്റെ മൂപ്പന്മാരും അവർക്കു പറയാനുള്ളതും കൂട്ടിച്ചേർത്തു. "അതു അങ്ങനെ തന്നെ എന്നു, യെഹൂദന്മാരും യോജിച്ചു പറഞ്ഞു" (വാക്യം 9).

### സന്തോഷമുള്ള ഒരു പ്രതിവാദം (24:10-21)

യെഹൂദന്മാർ വിചാരിച്ചത് ദേശാധിപതിയെ ചോദ്യം ചെയ്യുമെന്നായിരുന്നെങ്കിൽ, അവർ നിരാശരായി. പകരം, ദേശാധിപതി വെറുതെ "സംസാരിക്കാം എന്നു ദേശാധിപതി ആംഗ്യം കാട്ടിയാറെ, പൗലൊസ് ഉത്തരം പറഞ്ഞത്" (വാക്യം 10).

മുഖസ്തുതി പറഞ്ഞു തുടങ്ങുന്നതിനു പകരം (1 തെസ്സലൊനിക്യർ 2:5 നോക്കുക), പൗലൊസ് ഫെലിക്സിന്റെ യെഹൂദന്മാരെ കൈകാര്യം ചെയ്തുള്ള അനുഭവം വെച്ചു പറഞ്ഞു: "ഈ ജാതിക്കു നീ അനേക സംവത്സരമായി ന്യായാധിപതി ആയിരിക്കുന്നു എന്നു അറിക കൊണ്ടു, എന്റെ കാര്യത്തിൽ ഞാൻ ധൈര്യത്തോടെ പ്രതിവാദം ചെയ്യുന്നു" (വാക്യം 10).[27] കർത്താവിന്റെ സഹായത്താൽ, അപ്പൊസ്തലൻ സാഹചര്യത്തിന്റെ യജമാനനായി, അമ്പരപ്പില്ലാതെ നിന്നു. യേശു വാഗ്ദാനം ചെയ്തു:

> … ഇതു എല്ലാറ്റിനും മുമ്പെ എന്റെ നാമം നിമിത്തം അവർ നിങ്ങളുടെ മേൽ കൈവെച്ചു രാജാക്കന്മാരുടേയും നാടുവാഴികളുടേയും മുമ്പിൽ കൊണ്ടുപോയി, ഉപദ്രവിക്കയും, പള്ളികളിലും തടവുകളിലും ഏല്പിക്കയും ചെയ്യും അതു നിങ്ങൾക്കു സാക്ഷ്യം പറവാൻ തരമാകും … ആകയാൽ പ്രതിവാദിപ്പാൻ മുമ്പുകൂട്ടി വിചാരിക്കാതിരിക്കേണ്ടതിനു മനസ്സിൽ ഉറെച്ചുകൊൾവിൻ. നിങ്ങളുടെ എതിരികൾക്ക് ആർക്കും ചെറുപ്പാനോ എതിർ പറവാനോ കഴിയാത്ത വാക്കും ജ്ഞാനവും ഞാൻ നിങ്ങൾക്കു തരും (ലൂക്കൊസ് 21:12–15).

ഇപ്പോൾ, പൗലൊസ് നാടുവാഴിയുടെ മുൻപിൽ നിന്നപ്പോൾ, അവൻ ആ വാഗ്ദാനം പിടിച്ചു.

കലഹം ഉണ്ടാക്കുന്നവൻ എന്ന കുറ്റാരോപണത്തിനു അവൻ ആദ്യം മറുപടി നല്കി: "ഞാൻ യെരുശലേമിൽ നമസ്കരിപ്പാൻ പോയിട്ട് പന്ത്രണ്ടു നാളിൽ[28] അധികം ആയില്ല എന്നു നീ അറിയുന്നുവല്ലൊ"[29] – കലഹം ഉണ്ടാക്കുവാനല്ല (വാക്യം 11). പന്ത്രണ്ടു ദിവസത്തെ പ്രാധാന്യം എന്തെന്നാൽ, പൗലൊസിനു വേണമെങ്കിൽ മത്സരിക്കുവാൻ വേണ്ടത്ര സമയം ഉണ്ടായിരുന്നു, കൂടാതെ, സംഭവം നടന്നിട്ടു കുറച്ചു ദിവസങ്ങളേ ആയിട്ടുള്ളു എന്നതിനാൽ, ഫെലിക്സിനു ദൃക്സാക്ഷികളെ കണ്ടെത്തി വാസ്തവത്തിൽ സംഭവിച്ചത് എന്തെന്നു മനസ്സിലാക്കണം.

പൗലൊസ് കൂട്ടിച്ചേർത്തു, "ദൈവാലയത്തിലോ, പള്ളികളിലോ, നഗരത്തിലോ വെച്ചു ആരോടെങ്കിലും വാദിക്കയെങ്കിലും പുരുഷാരത്തിൽ കലഹം ഉണ്ടാകുകയെങ്കിലും ചെയ്യുന്നതായി എന്നെ അവർ കണ്ടിട്ടില്ല" (വാക്യം 12). പൗലൊസ് അസാധാരണമായി യെരുശലേമിൽ മിണ്ടാതെയാണ് ഇരുന്നത്, ഒരു പക്ഷെ അവന്റെ സാന്നിധ്യം അവിടെ ഭിന്നിപ്പുണ്ടാക്കുമെന്ന് മൂപ്പന്മാർ ഭയപ്പെടുന്നതുകൊണ്ട് അവരെ ആശ്വസിപ്പിച്ചിരിക്കണം (21:22).[30]

അപ്പൊസ്തലൻ പിന്നെ തന്റെ കുറ്റാരോപകരുടെ നേരെ തിരിഞ്ഞു: "ഇന്നു എന്റെ നേരെ ബോധിപ്പിക്കുന്ന അന്യായം അവർക്കു തെളിയിക്കുവാൻ കഴിയുന്നതുമല്ല" (വാക്യം 13). അവർ ഉന്നയിച്ച ആരോപണങ്ങളുടെ ആരംഭ അറിവു ന്യായാധിപ സഭയ്ക്കില്ല; അവർ കേട്ടുകേൾവി അനുസരിച്ചാണ് കൈകാര്യം ചെയ്യുവാനിറങ്ങിയതു. അവർ മാധുര്യമായി – സംസാരിക്കുന്ന, ഒരു വ്യവഹാരജ്ഞനെ അല്ലാതെ സാക്ഷികളെ ഒന്നും

അവർ കൊണ്ടു വന്നില്ല.

എങ്ങനെയായാലും, ഒരു ആരോപണത്തെ, പൗലൊസ് സമ്മതിച്ചു: താൻ തീർച്ചയായും ഒരു ക്രിസ്ത്യാനി ആയി എന്ന് അവൻ സമ്മതിച്ചു. "മതഭേദം[31] എന്നു ഇവർ പറയുന്ന മാർഗ്ഗ പ്രകാരം ഞാൻ പിതാക്കന്മാരുടെ ദൈവത്തെ ആരാധിക്കയും" (വാക്യം 14). "*നമ്മുടെ* പിതാക്കന്മാരുടെ ദൈവം" എന്ന പ്രയോഗം ശ്രദ്ധിക്കുക. അവൻ ഇപ്പോഴും യെഹൂദന്മാരോടു കൂടിയാണ് തിരിച്ചറിയുന്നത്, തന്റെ കുറ്റാരോപണക്കാരോടൊപ്പം അവൻ പറഞ്ഞു, "ഞാൻ പിതാക്കന്മാരുടെ ദൈവത്തെ ആരാധിക്കയും, ന്യായ പ്രമാണത്തിലും പ്രവാചക പുസ്തകങ്ങളിലും എഴുതിയിരിക്കുന്നതു, ഒക്കെയും വിശ്വസിക്കയും ചെയ്യുന്നു" (വാക്യം 14). യെഹൂദ തിരുവെഴുത്തുകളെ അവൻ തള്ളിക്കളഞ്ഞിരുന്നില്ല; മശിഹയെക്കുറിച്ചും അവന്റെ രാജ്യത്തെക്കുറിച്ചും ഉള്ള പ്രവചനങ്ങൾ വാസ്തവത്തിൽ അവൻ വിശ്വസിച്ചിരുന്നു. "പൗലൊസും ആദ്യ ക്രിസ്ത്യാനികളും തങ്ങളെ 'മുമ്പുണ്ടായിരുന്ന യെഹൂദന്മാർ' എന്നല്ല പിന്നെ 'നിറവേറ്റിയ യെഹൂദന്മാർ'"[32] എന്നാണ്, അതായതു വാസ്തവത്തിലുള്ള അബ്രഹാമിന്റെ സന്തതി എന്നാണ് (ഗലാത്യർ 3:29).

"പ്രവാചകന്മാർ എഴുതിയതിനെ" ക്കുറിച്ചു, കൂട്ടിച്ചേർത്തു പറഞ്ഞു, "നീതിമാന്മാരുടേയും നീതികെട്ടവരുടേയും, പുനരുത്ഥാനം ഉണ്ടാകും എന്നു ഇവർ കാത്തിരിക്കുന്നതുപോലെ, ഞാനും ദൈവത്തിൽ ആശ വെച്ചിരിക്കുന്നു"[33] (വാക്യം 15). പുനരുത്ഥാനത്തെക്കുറിച്ചു പഴയ നിയമ പ്രവാചകന്മാർ പറഞ്ഞിട്ടുണ്ട് (ദാനിയേൽ 12:2, 3). സദൂക്യർ ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പിന്റെ വിശ്വസിക്കാത്തതുകൊണ്ട്, മൂപ്പന്മാരിൽ ചിലർ പരീശന്മാരിൽ നിന്നുള്ളവരായതുകൊണ്ട് അവർ വിശ്വസിക്കുന്നവരുമാണ്. അതുകൊണ്ട് പൗലൊസിനു "ഇവർ ... ആശ വെച്ചിരിക്കുന്നതു പോലെ"[34] എന്നു പറയാൻ കഴിഞ്ഞു (എംഫസിസ് മൈൻ).

പുനരുത്ഥാനം എന്ന ആശയം, കണക്കു കൊടുക്കേണ്ട ഒരു ദിവസത്തെ മുൻകൂട്ടി ഉദ്ദേശിക്കുമാറാകുന്നു. അതുകൊണ്ടു പൗലൊസ് പറഞ്ഞു, "എനിക്കു ദൈവത്തോടും മനുഷ്യരോടും കുറ്റമില്ലാത്ത മനസ്സാക്കി എല്ലായ്പ്പോഴും ഉണ്ടായിരിപ്പാൻ[35] ഞാൻ ശ്രമിക്കുന്നു"[36] (വാക്യം 16) മറ്റൊരു വാക്കിൽ, "ഫെലിക്സേ, ഞാൻ നിരപരാധി ആയിട്ടാണ്, നിന്റെ മുൻപിൽ നില്ക്കുന്നത്!"

ദൈവാലയം തീണ്ടിച്ചു എന്ന കുറ്റാരോപണത്തിനു, മറുപടി പറയാതെ വിട്ടു. പൗലൊസ് വാസ്തവത്തിൽ സംഭവിച്ചതാണ് വിവരിച്ചത്: "പല സംവത്സരം കൂടിട്ടു[37] ഞാൻ എന്റെ ജാതികൾക്ക് ധർമ്മം കൊണ്ടു വരുവാനും[38] വഴിപാടു കഴിപ്പാനും വന്നു" (വാക്യം 17). പൗലൊസ് കൊണ്ടു വന്ന ധർമ്മം പ്രത്യേകമായി യെഹൂദന്മാർക്കായിരുന്നു (യെരുശലേമിലെ ക്രിസ്ത്യാനികളായ യെഹൂദന്മാർക്ക്) – എന്നാൽ യെഹൂദന്മാർക്കായിരുന്നിട്ടും – അവന്റെ പ്രസ്താവന തന്റെ "സ്വജാതികൾക്ക്" എന്നതു കൃത്യമായിരുന്നു. ഫെലിക്സ് "ധർമ്മവും വഴിപാടും"[39] എന്ന വാക്കുകൾ ഫെലിക്സ് പിടിച്ചെടുത്തിരിക്കും. സ്പഷ്ടമായും, ഈ യെഹൂദന്മാർ മാർഗ്ഗവും അല്ലെങ്കിൽ/സ്വാധീനവും; ഒരു പക്ഷെ അവന്നു കൂടുതൽ പണം സ്വരൂപിക്കാനും കഴിയും (വാക്യം 26 നോക്കുക)!

പൗലൊസ് തുടർന്നു: "അതു അനുഷ്ഠിക്കുമ്പോൾ അവർ എന്നെ ദൈവാലയത്തിൽ വെച്ചു, ശുദ്ധീകരണം കഴിഞ്ഞവനായി കണ്ടു [21:26 നോക്കുക], പുരുഷാരത്തോടു കൂടിയല്ല കലഹത്തോടു കൂടിയുമല്ല" (വാക്യം 18). ആ കാര്യങ്ങൾ ദൈവാലയ രേഖകൾ നോക്കി പരിശോധിക്കാം. "എന്നാൽ അസൂയക്കാരായ ചില യെഹൂദന്മാർ ഉണ്ടായിരുന്നു[40] – അവർക്കു എന്റെ നേരെ അന്യായം ഉണ്ടെങ്കിൽ, നിന്റെ മുമ്പിൽ വന്നു ബോധിപ്പിക്കേണ്ടതായിരുന്നു" (വാക്യങ്ങൾ 18, 19). ആസ്യയിൽ നിന്നുള്ള യെഹൂദന്മാരായിരുന്നു ആദ്യം പൗലൊസിനെ ദൈവാലയം തീണ്ടിച്ചു എന്നാരോപിച്ചത് (21:27, 28); ആ കുറ്റാരോപണം ശരിയായിരുന്നെങ്കിൽ, അവർ അവരെ സാക്ഷികളായി വ്യവഹാരത്തിനു കൊണ്ടു വരണമായിരുന്നു.[41] വീണ്ടും, തന്റെ നേരെ യെഹൂദപ്രമാണിമാർ ആരോപിച്ചിരിക്കുന്ന കാര്യങ്ങൾ തെളിയിക്കാൻ സാധ്യമല്ല എന്നു പൗലൊസ് സ്ഥിരീകരിച്ചു (വാക്യം 13).

ന്യായാധിപ സംഘത്തിലെ അംഗങ്ങൾക്കു ഒരു വെല്ലുവിളി നേരിട്ടു കൊടുത്തുകൊണ്ടാണ് പൗലൊസ് അവസാനിപ്പിച്ചത്:

> അല്ല ഞാൻ ന്യായാധിപ സംഘത്തിന്റെ മുമ്പിൽ നില്ക്കുമ്പോൾ, "മരിച്ചവരുടെ പുനരുത്ഥാനത്തെകുറിച്ചു ഇന്നു നിങ്ങൾ എന്നെ വിസ്തരിക്കുന്നു"[42] എന്നു ഞാൻ വിളിച്ചു പറഞ്ഞൊരു വാക്കല്ലാതെ, അവിടെ വെച്ചു എന്റെ പക്കൽ വല്ലകുറ്റവും കണ്ടിട്ടുണ്ടെങ്കിൽ അവർ തന്നെ പറയട്ടെ (വാക്യങ്ങൾ 20, 21).

മഹാപുരോഹിതന്റെയും മൂപ്പന്മാരുടേയും മുഖം ജാള്യതയും രോഷവുംകൊണ്ട് മഞ്ഞളിച്ചിരിക്കുന്നതു എനിക്കു കാണാൻ കഴിയും പൗലൊസ് ന്യായാധിപസഭയുടെ മുമ്പിൽ നിന്നപ്പോൾ, അവൻ ഏതെങ്കിലും നിയമത്തെ ലംഘിച്ചതായി അവർക്കു ചൂണ്ടി കാണിക്കാൻ കഴിഞ്ഞില്ല.[43] മറിച്ച്, "മരിച്ചവരുടെ പുനരുത്ഥാനത്തെക്കുറിച്ചു ഞാൻ വിസ്താരത്തിലായിരിക്കുന്നു" എന്നു, പൗലൊസ് പറഞ്ഞപ്പോൾ അവർ അക്രമം അഴിച്ചു വിടുകയായിരുന്നു (23:6–10 നോക്കുക). പൗലൊസിനോടു പറയാൻ അവർക്ക് ഉത്തരം ഇല്ലായിരുന്നു, ചുരുങ്ങിയതു ഫെലിക്സിനോടു ശബ്ദിക്കാൻ പോലും ആരും തുനിഞ്ഞില്ല.

പൗലൊസ് വിജയി ആയി, അവനെ കുറ്റം ചുമത്തിയവരുടെ മുമ്പിൽ നിന്നു. അവനെ സ്വതന്ത്രനായി വിടാമായിരുന്നു.

### ഒരു വിട്ടുവീഴ്ച്ചാ തീരുമാനം (24:22, 23)

ക്ലൗദ്യൊസ് ലൂസിയാസിന്റെ വിവരണ കത്ത് ഫെലിക്സിന്റെ കയ്യിൽ ഉണ്ടായിരുന്നതിനെക്കുറിച്ചു യെഹൂദപ്രമാണിമാർക്ക് അറിയില്ല എന്നു ഞാൻ മുൻപു പറഞ്ഞുവല്ലൊ. ദേശാധിപതിക്കു ക്രിസ്ത്യാനിത്വത്തെക്കുറിച്ചു കുറെ കാര്യങ്ങൾ അറിയാം എന്നതും അവർ തിരിച്ചറിഞ്ഞിട്ടില്ല. ലൂക്കൊസ് പറഞ്ഞതു ഫെലിക്സിനു "ഈ മാർഗ്ഗത്തെ സംബന്ധിച്ച് സൂക്ഷ്മമായ അറിവ് ഉണ്ടായിരുന്നില്ല ..." എന്നാണ് (വാക്യം 22).[44] ഫെലിക്സ് എങ്ങനെ ഈ "മാർഗ്ഗത്തെ" അറിഞ്ഞു എന്നു, ലൂക്കൊസ്

പറഞ്ഞില്ല. ചിലപ്പോൾ ഒരു റോമൻ ഉദ്യോഗസ്ഥനായിരുന്ന കൊർന്നെല്യോസ് ഈ വിശ്വാസത്തെക്കുറിച്ച് ദേശാധിപതിയോടു പറഞ്ഞിരിക്കാം (10:1–48). ഒരു പക്ഷെ ഫിലിപ്പൊസ് എന്ന സുവിശേഷകനിൽ നിന്നു ഫെലിക്സ് കേട്ടിരിക്കാം (8:40; 21:8) അവൻ "യേശുവിനെ പ്രസംഗിച്ചിരുന്നു" (8:35). ഒരുപക്ഷെ ദേശാധിപതിയായതുകൊണ്ട്, ദേശത്തു നടക്കുന്ന കാര്യങ്ങൾ അറിയുവാൻ വേണ്ടി ശ്രമിച്ചതാകാം. മറിച്ച്, എങ്ങനെയായാലും, ഫെലിക്സിന്റെ അറിവു, തലയിൽ മാത്രമായിരുന്നു ഹൃദയത്തിലേക്ക് ഇറങ്ങിയിരുന്നില്ല. "അവൻ വെളിച്ചം കണ്ടിട്ടും, ഇരുട്ടിൽ തന്നെ കഴിയാൻ ഇഷ്ടപ്പെട്ടു."

തന്റെ അറിവു അവന്റെ ജീവിതത്തെ മാറ്റിയില്ലെങ്കിലും, യെഹൂദപ്രമാണിമാർ ആ അറിവു ഫെലിക്സിൽ നിന്നു എടുത്തു മാറ്റുവാൻ അവൻ അനുവദിച്ചില്ല. പൗലൊസ് "മരണത്തിനോ തടവിനോ" യോഗ്യമായ ഒരു തെറ്റു ചെയ്യാതിരുന്നതുകൊണ്ട് (23:29) അവനെ വിടാമായിരുന്നു,[45] എന്നാൽ ദേശാധിപതിക്കു നീതിയേക്കാൾ യെഹൂദന്മാരെ വെറുപ്പിക്കാതെ വിടണമെന്നായിരുന്നു (24:27 നോക്കുക). കൂടാതെ, പൗലൊസിന്റെ കൈവശം ഉണ്ടായിരുന്ന ദ്രവ്യത്തിൽ അവനു ആർത്തിയുമുണ്ടായിരുന്നു (വാക്യം 26).

അതുകൊണ്ട്, ഫെലിക്സ് യെഹൂദന്മാരെ പറഞ്ഞയക്കേണ്ടതിനു, പറഞ്ഞു, "ലൂസിയാസ് സഹസ്രാധിപൻ വരുമ്പോൾ ഞാൻ നിങ്ങളുടെ കാര്യം തീർച്ചപ്പെടുത്തും എന്നു പറഞ്ഞു" (വാക്യം 22). ഫെലിക്സ് ലൂസിയാസിനെ വിളിച്ചതായോ, സഹസ്രാധിപൻ ഈ കേസുമായി ബന്ധപ്പെട്ട് കൈസര്യയിലേക്കു വന്നതായോ ഒരു സൂചനയുമില്ല.[46] ദേശാധിപതിയുടെ വാക്കുകൾ തീരുമാനം എടുക്കാതിരിക്കാനുള്ള ഒഴികഴിവു മാത്രമായിരുന്നു, നീട്ടിവെക്കാനുള്ള തന്ത്രം മാത്രം. കാര്യങ്ങൾ നീട്ടിക്കൊണ്ടു പോകുന്നതാണ് ബുദ്ധി എന്നു ഫെലിക്സിനു തോന്നി (വാക്യം 25 നോക്കുക). ഫെലിക്സ് മാറുന്നതുവരെ ഇനി കേസ് കൈകാര്യം ചെയ്യേണ്ട എന്നു യെഹൂദ പ്രമാണികൾ വിചാരിച്ചു (25:1, 2 നോക്കുക).

ഇതിനിടയിൽ, "ശതാധിപനോടു അവനെ [പൗലൊസ്] തടവിൽ തന്നെ സൂക്ഷിച്ചു ദയ കാണിപ്പാനും, അവന്റെ സ്നേഹിതന്മാർ അവന്നു ശുശ്രൂഷ ചെയ്യുന്നതു വിരോധിക്കാതിരിപ്പാനും കല്പിച്ചു" (24:23). അപ്പൊസ്തലന്റെ സാഹചര്യം പിന്നീട് റോമയിൽ വെച്ചു സംഭവിച്ചതിന്നു തുല്യമായിരുന്നു, അവിടെ അവൻ ഒരു പടയാളിയുമായി ബന്ധിക്കപ്പെട്ടിരുന്നു (28:16, 20) എന്നാൽ "അവനെ കാണുവാൻ വന്നവരെ" സ്വാഗതം ചെയ്യുകയും ചെയ്തു (28:30).

അടുത്ത രണ്ടു വർഷം പൗലൊസ് ഇങ്ങനെ കഴിഞ്ഞു (24:27). ആ സമയത്ത്, ദൈവപദ്ധതി എന്തായിരിക്കുമെന്നു പൗലൊസ് അതിശയിച്ചു കാണും. ഉടനെ റോമയിൽ എത്തുമെന്നോ, യാത്ര ചെയ്തു സുവിശേഷ പ്രസംഗം നടത്താമെന്നോ അവനു പ്രതീക്ഷയില്ലാതായി. ഒരു പക്ഷെ അവൻ ഈ സമയത്തു കുറെ എഴുതിക്കാണും[47] തടവുമുറിയിൽ, അവൻ പിന്നീട് റോമയിൽ ചെയ്തതു പോലെ പ്രസംഗിച്ചു കാണും (28:31). ഒരുപക്ഷെ പന്തിരുവർഷമായി ശാരീരികവും മാനസികവുമായ ക്ഷതങ്ങളിൽ നിന്നു അവനു ഒരു മുക്തി ദൈവം നല്കിയതാകാം.

അനവധി എഴുത്തുകാർ വിചാരിക്കുന്നത് ആ രണ്ടു – വർഷം ഇട വേളയിൽ ലൂക്കൊസിനു തന്റെ സുവിശേഷ വിവരണങ്ങളും പ്രവൃത്തി കളുടെ പുസ്തത്തിന്റെ ആദ്യഭാഗവും സംബന്ധിച്ചു ഗവേഷണം നടത്തി എഴുതുവാൻ അവസരം കിട്ടി എന്നാണ്.[48] ആ മാസങ്ങളിൽ, യേശുവിന്റെ ജീവിതത്തിൽ അഭിനയിച്ച മുഖ്യകഥാപാത്രങ്ങളെ അഭിമുഖ സംഭാഷണം നടത്തി യെരുശലേമിൽ സഭ ആരംഭിച്ചതിനെക്കുറിച്ചും വിവരങ്ങൾ ശേഖ രിച്ചിരിക്കാം (ലൂക്കൊസ് 1:3 നോക്കുക). അവൻ നീണ്ട മണിക്കൂർ പൗലൊസുമായി അവന്റെ യാത്രകളെയും ശുശ്രൂഷകളെയും പുനരവ ലോകനം നടത്തിക്കാണും. ബർട്ടൺ കോഫ്മാൻ പറഞ്ഞു:

> ലൂക്കൊസിന്റെ പ്രയാസകരമായ നിരീക്ഷണത്തിലും ക്രിസ്ത്യാ നിത്വത്തിന്റെ മഹത്തായ ആരംഭത്തിന്റെ ദൃക്സാക്ഷികളുമായി അഭിമുഖം നടത്തലിലും, അനീതിയുള്ളവരാൽ അപ്പൊസ്തലനായ പൗലൊസ് അനുഭവിച്ച കഷ്ടങ്ങൾ, ദൈവത്തിന്റെ കരുതലാൽ ഉള്ള വൈകലും പ്രിയവൈദ്യനായിരുന്ന ലൂക്കൊസിന്റെ ഒഴിച്ചു കൂടാനാവാത്ത എഴുത്തുകാർ എഴുതുവാനും സന്ദർഭ മായിത്തീർന്നു.[49]

ദൈവത്തിന്റെ ഉദ്ദേശങ്ങൾ എന്തായിരുന്നാലും, പൗലൊസ് അവ യെല്ലാം വഴങ്ങിക്കൊടുത്തു. അവൻ തടവുമുറിയിൽ നിന്നാണ് അവൻ എഴുതിയത്, "കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ; എന്നു, ഞാൻ പിന്നെയും പറയുന്നു!" (ഫിലിപ്പിയർ 4:4).

**ഉപസംഹാരം**

"തടവുകാരനായ പൗലൊസ്" എന്നാണ് അപ്പൊസ്തലനെ അന്റോണിയ കോട്ടയിലെ ശതാധിപൻ പറഞ്ഞത് (23:18). പ്രവൃത്തികളുടെ പുസ്തകത്തിലെ അവസാനത്തെ ഏഴു അദ്ധ്യായങ്ങളിൽ ആ പ്രയോഗം നമുക്കു കാണാം. പൗലൊസ് അവനെക്കുറിച്ചു "ക്രിസ്തുയേശുവിന്റെ ബദ്ധൻ" എന്നാണ് (എഫെസ്യർ 3:1) "കർത്തൃ സേവ നിമിത്തം ബദ്ധൻ" എന്നും പറഞ്ഞിട്ടുണ്ട് (എഫെസ്യർ 4:1). *റോമിന്റെ* തടവുകാരൻ എന്നല്ല പൗലൊസ് പറഞ്ഞതു, "*കർത്താവിന്റെ* ബദ്ധൻ" എന്നാണ്! തന്റെതായ എല്ലാം പൗലൊസ് നിരത്തികഴിഞ്ഞു താൻ എവിടെയാണോ അതു *കർത്താവിന്റ* ഇഛയാണെന്നു അവൻ വിശ്വസിച്ചിരുന്നു; ഏറ്റവും നല്ലതു കർത്താവിന്നു അറിയാമെന്നും അവൻ അങ്ങനെ പ്രവർത്തിക്കുമെന്നും അവൻ വിശ്വസിച്ചു!

ചില ക്രിസ്ത്യാനികൾ വാസ്തവത്തിൽ തടവിലാണ്. വളരെപ്പേർ അവരുടെ നിയന്ത്രണത്തിനപ്പുറമായ, സാഹചര്യങ്ങളുടെ തടവിലാണ്. നിങ്ങൾക്ക് അങ്ങനെ തോന്നുന്നുവെങ്കിൽ, പൗലൊസ് നിരന്നതുപോലെ നിങ്ങൾക്കു സാഹചര്യങ്ങൾ നിരന്നുകൊള്ളാൻ കഴിയുമോ അല്ലെങ്കിൽ, നിങ്ങൾക്കു മാറ്റാൻ പറ്റാത്ത സാഹചര്യങ്ങൾ വിഷമിച്ചു വ്യാകുലനായി കഴിയുമോ? ഒരിക്കൽ നിങ്ങൾക്കു ചെയ്യാൻ പറ്റുന്നതെല്ലാം ചെയ്തിട്ട്, കാര്യങ്ങൾ ദൈവകരങ്ങളിൽ ഏല്പിക്കാൻ കഴിയുന്നുണ്ടോ?

ടെക്സാസിലും വീനസിലും, ജയിലിൽ കഴിയുന്നവർക്കിടയിൽ ഞാൻ പ്രവർത്തിച്ചപ്പോൾ, ക്രിസ്തുവിൽ സ്വതന്ത്രരായിരിക്കുന്ന അനേകരും തടവു ചുമരുകൾക്കുള്ളിലാണെന്നു എനിക്കു കാണാൻ കഴിഞ്ഞു (റോമർ 8:2; ഗലാത്യർ 5:1), ആത്മികമായും വൈകാരികമായും. തടവിനു പുറത്ത്, അസംഖ്യം പേർ പാപത്താൽ തടവിലാക്കപ്പെട്ടിരിക്കുന്നു (റോമർ 6:17) അവരുടെ ഭയത്താലും (ലേവ്യാപുസ്തകം 26:17). സ്വതന്ത്രരാകുക അല്ലെങ്കിൽ ജീവിതത്താൽ തടവിലാക്കുക എന്നതു ഒരു മാനസികാവസ്ഥയാണ്. കർത്താവിൽ ആശ്രയിക്കുന്നവർ റിച്ചാർഡ് ലവ്‌ലെയിസിന്റെ വാക്കുകൾ വാസ്തവമാണെന്ന് മനസിലാകും: "കൽമതിലുകൾ തടവു സൃഷ്ടിക്കുന്നില്ല, അതു പോലെ ഇരുമ്പുകമ്പികൾ കൂടിനെയും ഉണ്ടാകുന്നില്ല"![50]

## പ്രസംഗ കുറിപ്പുകൾ

സി. ബ്രൂസ് വൈറ്റ് 24-ാം അദ്ധ്യായം ഒരു പാഠത്തിൽ തീർക്കുന്നുണ്ട്: (1) ഒരു കള്ള സാക്ഷി (വാക്യങ്ങൾ. 1–9); (2) ഒരു നല്ല ഉത്തരം (വാക്യങ്ങൾ 10–23); (3) ഉറച്ച ഒരു പ്രസംഗം (വാക്യങ്ങൾ 24, 25); (4) ഭയാനകമായ ഒരു പ്രതികരണം (വാക്യങ്ങൾ 25–27) (പരസ്യപ്പെടുത്താത്ത പ്രസംഗം).

വാരെൻ ഡബ്ലിയു. വിയേഴ്സ്ബെ മുഖ്യ കഥാപാത്രങ്ങൾ അനുസരിച്ചു അദ്ധ്യായങ്ങളെ വിഭജിച്ചിട്ടുണ്ട്: (1) തെർത്തുല്ലോസ്: കപട കുറ്റാരോപകൻ (വാക്യങ്ങൾ. 1–9); (2) പൗലൊസ്: വിശ്വസ്ത ഉത്തരങ്ങൾ (വാക്യങ്ങൾ 10–21); (3) ഫെലിക്സ്: ബുദ്ധിശൂന്യമായ മനോഭാവങ്ങൾ (വാക്യങ്ങൾ 22–27). (*ദ ബൈബിൾ എക്സ്പൊസിഷൻ കമെന്ററി*, വാല്യം 1.)

---

കുറിപ്പുകൾ

[1]ഈ കത്ത് അനവധി രൂപങ്ങളിൽ ധാരാളം പ്രസിദ്ധീകരണങ്ങളിൽ വന്നി ട്ടുണ്ട്. അനവധി പരിഭാഷകളിൽ നിന്നും എടുത്ത ഒന്നാണ് എന്റെ പരിഭാഷ. [2]ഉറപ്പോടുകൂടി കർത്താവു പ്രത്യക്ഷനായി അവനു കിട്ടിയ സന്ദേശത്തിന്റെ *ശേഷമാണ്* അവന്നു ഈ മനോഭാവം ഉണ്ടായത് (23:11). ഈ പുസ്തകത്തിൽ മുൻപു കണ്ട "പ്രത്യാശ വീണ്ടും ജ്വലിപ്പിച്ചു" എന്ന പാഠം നോക്കുക. [3]യെരുശലേമിലെ ചുരുങ്ങിയ സമയവും *കൂട്ടി*റോമയിലേക്കുള്ള യാത്രയും *കൂട്ടി* 28:30 നുശേഷം പൗലൊസ് തടവിൽ കിടന്ന സമയവും *കൂട്ടിച്ചേർത്തതാണ്* കൈസര്യയിലെ രണ്ടു വർഷ*വും* റോമയിലെ രണ്ടു വർഷവും, അങ്ങനെ *മൊത്തം* ചുരുങ്ങിയതു അഞ്ചുവർഷം. [4]"പ്രത്യാശ വീണ്ടും ജ്വലിപ്പിച്ചു" എന്ന പാഠത്തിലെ പ്രവൃത്തികൾ 23:30 ന്റെ നോട്ടുകൾ നോക്കുക. [5]ഇതു ഒരു പക്ഷെ പത്രൊസ് കൈസര്യയിൽ എത്തിയിട്ടു അഞ്ചുദിവസം കഴിഞ്ഞായിരിക്കാം, പക്ഷെ പൗലൊസ് പോയെന്നു യെഹൂദന്മാർ അറിഞ്ഞു അഞ്ചു ദിവസശേഷവും ആകാം. [6]"യെരുശലേമിൽ ത്യജിക്കപ്പെട്ടു!" എന്ന പാഠത്തിലെ പ്രവൃത്തികൾ 23:2 ന്റെ നോട്ടുകൾ നോക്കുക. [7]സമുദ്രനിരപ്പിൽ നിന്നു ഏതാണ്ട് 2,400 അടി ഉയരത്തിലാണ് യെരുശലേം; കൈസര്യ

കടൽതീരത്താണ്. [8]ഈ "മൂപ്പന്മാർ" ന്യായാധിപ സംഘത്തിലെ മറ്റംഗങ്ങൾ ആയിരിക്കാം. [9]ഗ്രീക്ക് വാക്ക് തർജ്ജിമ ചെയ്തിരിക്കുന്ന "അറ്റോർണി" വ്യവഹാരജ്ഞൻ എന്നതിന്റെ അക്ഷരിക അർത്ഥം "പ്രഭാഷകൻ" എന്നാണ് (കെ.ജെ.വി കാണുക); തെർത്തുല്ലോസ് നിയമപരിശീലനം ലഭിച്ചവനായിരുന്നു. [10]തെർത്തുല്ലോസ് എന്നതു ലാറ്റിൻ വാക്കാണ് ("തെർത്തുല്ലോസ്" എന്നതു "മൂന്നാമതു" എന്നർത്ഥം വരുന്ന ചെറിയ ലാറ്റിൻ രൂപമാണ്); അവൻ റോമക്കാരനായിരുന്നോ അതോ യവനഭാഷക്കാരനായിരുന്ന യെഹൂദനായിരുന്നോ എന്നു നമുക്കറിയില്ല.

[11]ഫെലിക്സിന്റെ മൂന്നാമത്തെ പേർ ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ട് അനേകം പണ്ഡിതന്മാർ വിചാരിക്കുന്നതു അതു "മർക്കൊസ്" എന്നാണെന്നത്രെ. [12]പല സമയങ്ങളിൽ, യെഹൂദ്യ റോമിന്റെ പ്രതിനിധിയായ നാടുവാഴിയുടെ ഭരണത്തിലായിരുന്നു, അവരിൽ ഒരാളായിരുന്നു പിലാത്തൊസ് (മത്തായി 27:2) പ്രവൃത്തികളുടെ പുസ്തകത്തിൽ പറയുന്ന മറ്റു നാടുവാഴികൾ ഫെലിക്സ് (23:24, 26) ഫെസ്തൊസും ആണ് (25 ഉം 26 ഉം അദ്ധ്യായങ്ങളിൽ നാം ഫെസ്തൊസിനെക്കുറിച്ചു പഠിക്കും). [13]വില്യം ബാർക്ക്ലേ, *ദ ആക്സ് ഓഫ് ദ അപ്പൊസ്തൽസ്*, ദ ഡെയിലി സ്റ്റഡി ബൈബിൾ സീരീസ്, റെവ. ഇഡി (ഫിലദെൽഫിയ.: വെസ്റ്റ് മിനിസ്റ്റർ പ്രെസ്, 1976), 168. മുഖസ്തുതിയെക്കുറിച്ചു ദൈവത്തിന്റെ മനോഭാവം അറിയുവാൻ, സദൃശവാക്യങ്ങൾ 26:28 വായിക്കുക. [14]അത്തരം മത്സരത്തിന്റെ ഒരു ഉദാഹരണത്തിനു, "അവർ അനുമാനിച്ചു" എന്ന പാഠത്തിലെ പ്രവൃത്തികൾ 21:38 ലെ നോട്ടുകൾ നോക്കുക. [15]പ്രവൃത്തികൾ 13:50; 14:5, 19; 17:5-9, 13; 18:12-16; 19:23-41. [16]"സെക്റ്റ്" എന്നതു ഗ്രീക്കുവാക്ക് *ഹൈരെസിസ്* തർജ്ജിമചെയ്തതാണ്, അതിൽ നിന്നാണ് നമുക്കു "ഹെരെസി" എന്ന വാക്ക് കിട്ടിയത്. [17]മത്തായി 2:23; 21:11; 26:71; മർക്കൊസ് 1:24; ലൂക്കൊസ് 4:34; 18:37; യോഹന്നാൻ 1:45 നോക്കുക. [18]യേശുവിന്റെ അനുയായികളെ "നസ്രേത്തുകാർ" എന്നു വിളിക്കണമെന്ന് ഈ വേദഭാഗം ആധികാരികമായി പറയുന്നില്ല. [19]"പ്രവൃത്തികൾ, 4-ാം" ലക്കത്തിലെ "കർത്താവു തന്റെ വാക്കു പാലിക്കും" എന്ന പാഠത്തിലെ പ്രവൃത്തികൾ 18:13-ന്റെ നോട്ടുകൾ നോക്കുക. [20]"അവർ അനുമാനിച്ചു" എന്ന പാഠത്തിലെ പ്രവൃത്തികൾ 21:28, 29 ന്റെ നോട്ടുകൾ നോക്കുക.

[21]വാരെൻ ഡബ്ല്യു. വിയേഴ്സ്ബേ, *ദ ബൈബിൾ എക്സ്പൊസിഷൻ കമെന്ററി*, വാല്യം 1 (വീറ്റൺ, Ill.: വിക്ടർ ബുക്സ്, 1989), 499. [22]എൻ. എ. എസ്. ബിയുടെ മുൻപ് ഇറക്കിയ പുസ്തകത്തിൽ ഭാഗം കുറിപ്പുകളിൽ കൊടുത്തിരിക്കുന്നു, എന്നാൽ പിന്നീടു ഇറങ്ങിയ പുസ്തകമാണ് ഞാൻ ഉപയോഗിക്കുന്നത്, അതിൽ ആ ഭാഗം ബ്രാക്കറ്റിൽ ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കെജെവി. (ശക്തമായി വെസ്റ്റേൺ ടെക്റ്റിനെ ആശ്രയിച്ചു, ഇതു ബ്രാക്കറ്റിൽ ഉൾപ്പെടുത്താതെ) ആ വാക്കുകൾ മാറ്റിയിരിക്കുന്നു. [23]സൈമൺ ജെ കിസ്റ്റെമേക്കർ, *ന്യൂ ടെസ്റ്റമെന്റ് കമെന്ററി എക്സ്പൊസിഷൻ ഓഫ് ദ ആക്സ് ഓഫ് ദ അപ്പൊസ്തൽസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1990), 883. [24]എഫ്. എഫ്. ബ്രൂസ്, *ദ ബുക്ക് ഓഫ് ആക്സ്*, റെവ. ഇഡി. (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ല്യു എംബി എർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി, 1988), 441. [25]മെക്ക് ഗാർവേ വിചാരിക്കുന്നതു പൗലൊസിനെ "ചമ്മട്ടികൊണ്ട് ചോദ്യം ചെയ്യണം" എന്നാണ് (22:24) (*ന്യൂ കമെന്ററി ഓൺ ആക്സ് ഓഫ് ദ അപ്പൊസ്തൽസ്,* വാല്യം 2 [ഡിലൈറ്റ്, ആർക്ക്.: ഗോസ്പെൽലൈറ്റ് പബ്ലിഷിങ് കമ്പനി, എൻ. ഡി.], 235). [26]ചിലർ വിചാരിക്കുന്നതു ഫെലിക്സിന്റെ 22-ാം വാക്യത്തിലെ *ലൂസിയാസിനെ* വരുത്താമെന്നതു 8-ാം വാക്യത്തിലെ തെർത്തുല്ലോസിന്റെ ആവശ്യപ്രകാരമുള്ള പ്രതികരണമായിട്ടാണ് പറഞ്ഞത്, അതു വാസ്തവസ്ഥിതി അറിയുവാൻ ലൂസിയാസിനോടും ചോദിക്കുവാനാണ് എന്നും കരുതുന്നു. [27]ഈ വാക്കുകൾ പ്രവൃത്തികൾ 26:2 ലെ പ്രസ്താവനയുമായി താരതമ്യം ചെയ്യുക. [28]ഇതിനെ ലളിതമായി പ്രകടിപ്പിക്കുന്നതാണ് അവൻ യെരുശലേമിൽ പോയതു പന്ത്രണ്ടു ദിവസങ്ങൾക്കു മുൻപാണ് എന്നതു. പൗലൊസ് കൈസര്യയിൽ വന്നിട്ടു അഞ്ചു നാൾ കഴിഞ്ഞാണ് ഈ വിസ്താരം നടന്നതു എന്നതിനാൽ, പൗലൊസ് യെരുശലേമിൽ ഏഴു ദിവസമേ ഉണ്ടായിരുന്നുള്ളു. ജയിലിൽ കിടന്ന സമയം കുറിച്ചാൽ, യെരുശലേ

മിൽ ആയിരുന്നതു വളരെ കുറച്ചു സമയം മാത്രമാണ്, ആ സമയത്തിനുള്ളിൽ കലഹം ഉണ്ടാകുവാൻ പ്രയാസമാണ് എന്നർത്ഥം. [29]"ആരാധിക്കുവാൻ" എന്നതു ദൈവാലയ രാധനയെ സൂചിപ്പിക്കുന്നു, കൂടാതെ അവിടെയുള്ള സഹ:ക്രിസ്ത്യാനികളുമായി കൂടി വരുന്നതും, പൗലൊസിന്റെ പോയിന്റ് താൻ യെരുശലേമിൽ പോയതു, കുഴപ്പമാക്കാനല്ല, മറിച്ചു സമാധാനപരമായ ഉദ്ദേശങ്ങൾക്കായിരുന്നു എന്നാണ്. [30]കൂടാതെ പൗലൊസ് യാക്കൊബ്, പത്രൊസ്, യോഹന്നാൻ എന്നിവരുമായി ഉണ്ടാക്കിയ ഉടമ്പടി പ്രകാരമായിരിക്കാനും സാദ്ധ്യതയുണ്ട് (ഗലാത്യർ 2:9).

[31]*യെഹൂദന്മാർ* ക്രിസ്ത്യാനിത്വത്തെ മതഭേദം എന്നു വിളിച്ചിരുന്നു എന്നാണ്, അവൻ അങ്ങനെ പറഞ്ഞില്ല. സഭ ഒരിക്കലും ഒരു വിഭാഗം ആയിരുന്നില്ല, ആകുകയുമില്ല (കെജെവിയിൽ ഇവിടെ "ഹെരെസി" എന്നാണ്, 5-ാം വാക്യത്തിലും "സെക്ട്"എന്നതിനു ഉപയോഗിച്ച ആരോ ഗ്രീക്കുവാക്കാണ് ഇവിടെയും ഉപയോഗിച്ചത്). [32]വിയേഴ്സ്ബേ, 500. [33]കൂടാതെ നീതിമാന്മാരുടേയും നീതി കെട്ടവരുടേയും പുനരുത്ഥാനത്തെക്കുറിച്ചു (യോഹന്നാൻ 5:28, 29 നോക്കുക), പുതിയനിയമം പല ഭാഗത്തു പറയുന്നുണ്ട് അവന്റെ ഊന്നൽ, നീതിമാന്മാരുടെ പുനരുത്ഥാനമാണ് (ഉദാഹരണമായി, 1 കൊരിന്ത്യർ 15). [34]മഹാപുരോഹിതൻ ഒരു സദൂക്യനായിരുന്നു, മറ്റുള്ളവരും അവനോടൊപ്പം കണ്ടേക്കാം; എന്നാൽ അവർ ദേശാധിപതിയുടെ മുൻപിൽവെച്ചു പൗലൊസിനെ വെല്ലുവിളിക്കാൻ മടിച്ചു, കാരണം അവർ ഫെലിക്സിനോടു യോജിപ്പ് പ്രകടിപ്പിച്ചിരുന്നു. [35]അക്ഷരികമായി, മൂലഗ്രന്ഥത്തിൽ "ഐ എക്സർസൈസ് മൈസെൽഫ്" എന്നാണ് (കെജെവി നോക്കുക). ദ കോട്ടൺ പാച്ച് വെർഷനിൽ "ഐ കോൺസ്റ്റെന്റ്ലി ഗിവ് മൈസെൽഫ് വർക്ക് ഔട്ട്സ്" എന്നാണ്. ഈ ആത്മിയ "അഭ്യാസം" ഭൗതിക അഭ്യാസത്തേക്കാൾ പ്രധാനമാണ്. [36]ഈ ലക്കത്തിൽ മുമ്പു വന്ന "എങ്ങനെ മാപ്പ് അപേക്ഷിക്കണം" എന്ന പാഠത്തിലെ പ്രവൃത്തികൾ 23:1 ന്റെ നോട്ടുകൾ നോക്കുക. [37]18:22 യെരുശലേം സന്ദർശനത്തെക്കുറിച്ചാണ് പറയുന്നതെങ്കിൽ ("അവൻ പോയി ..."), പൗലൊസ് യെരുശലേമിൽ പോയിട്ട് അഞ്ചുവർഷത്തോളം ആയി. ആ വാക്യം യെരുശലേം സന്ദർശനത്തെക്കുറിച്ചല്ല പറയുന്നതെങ്കിൽ, പൗലൊസ് നഗരത്തിലായിട്ട് ദീർഘനാളുമായി. മറ്റൊരു വാക്കിൽ പറഞ്ഞാൽ, ആ സമയത്ത് എല്ലായ്പ്പോഴും അവൻ കുഴപ്പമുണ്ടാക്കാൻ, ഫെലിക്സിന്റെ പ്രദേശത്തായിരുന്നില്ല. [38]"ധർമ്മം" എന്നതു ധർമ്മോപകാരത്തെ സൂചിപ്പിക്കുന്നു (3:2, 3, 10; 10:2, 4 നോക്കുക). [39]"വഴിപാട്" എന്നതു ദൈവാലയ യാഗങ്ങളെ സൂചിപ്പിക്കുന്നു, പക്ഷേ മൂപ്പന്മാർ പറയുന്നതുപോലെ പൗലൊസ് യാഗങ്ങൾ അർപ്പിച്ചതായി സൂചനയില്ല (21:23, 24). അവൻ ചെയ്തിരുന്നെങ്കിൽ തന്നെ, അവർ പറഞ്ഞതിനേക്കാൾ ഉദ്ദേശം നിറവേറ്റുമായിരുന്നു. "വഴിപാട്" ഒരു പക്ഷേ യെഹൂദക്രിസ്ത്യാനികൾക്കു കൊണ്ടു വന്ന സാമ്പത്തിക സഹായം ആകാം (2 കൊരിന്ത്യർ 9:12-ൽ, ധർമ്മ ശേഖരത്തിന്റെ ഉദ്ദേശം ദൈവത്തിനു "അനവധി സ്തോത്രം" വരുത്തുവാനായിരുന്നു എന്നു കാണാം). ഞങ്ങളുടെ പ്രദേശത്ത്, ധർമ്മശേഖരത്തെ "ഓഫറിങ്ങ്" എന്നു പറയും. [40]മൂലഗ്രന്ഥത്തിൽ നിർത്തേണ്ടതിനു സൂചിപ്പിച്ചിരിക്കുന്നതു എൻ. എ. എസ്. ബി യിൽ ഒരു വരിയിട്ടാണ്. പൗലൊസ് അവിടെ പറഞ്ഞുനിർത്തി ഈ വിചാരണ വിവരണത്തിൽ ഉടനീളം, തെർത്തുല്ലൊസിന്റെ കുറ്റം ചുമത്തലിലും, പൗലൊസിന്റെ പ്രതിരോധത്തിലും, ലൂക്കൊസ് സാധാരണ സംസാരത്തിൽ നിന്നു ലേശം വ്യത്യാസം വരുത്തിയിട്ടുണ്ട്.

[41]ആസ്യയിൽ നിന്നുള്ള യെഹൂദന്മാർ എവിടെ *ആയിരുന്നു?* ഒരു പക്ഷെ, ഒരിക്കൽ പൗലൊസിനെ കൊല്ലുവാൻ ശ്രമിച്ചിട്ടു ഫലിക്കാതിരുന്നതിനാൽ അവർ പിൻവാങ്ങി പോയിരിക്കാം. അവർ അപ്പോഴും യെരുശലേമിൽ ഉണ്ടെങ്കിൽ പോലും, അവരെ കൊണ്ടു വരാൻ ധൈര്യപ്പെടാതിരുന്നതു *തെളിവുകൾ* ഒന്നും അവർക്കും ഇല്ലാതിരുന്നതാകാം. [42]തന്റെ പ്രസ്താവന "അരുതാത്തത്" എന്നല്ല പൗലൊസ് പറഞ്ഞത്, തന്നെയുമല്ല തന്റെ പ്രസ്താവനക്കായി മാപ്പു പറയുകയോ ആയിരുന്നില്ല. "ഞാൻ ചെയ്തകാര്യം എന്നോടു പറഞ്ഞതായിരുന്നു എന്നതല്ലാതെ മറ്റൊരു തെറ്റും ഞാൻ ചെയ്തില്ല" - അതായതു, "ഞാൻ ഒന്നിലും കുറ്റക്കാരനല്ല" എന്നർത്ഥം. [43]പുനരുത്ഥാനത്തിൽ വിശ്വസിക്കുന്നതു

കുറ്റമാണെങ്കിൽ, ന്യായാധിപസംഘത്തിലെ പരീശന്മാരെല്ലാം കുറ്റക്കാരാണ്! [44]"അധികം" എന്ന വാക്ക് താരതമ്യം ചെയ്യുന്നത് അവർ "തിരിച്ചറിഞ്ഞതിനേക്കാൾ" കൂടുതൽ അറിവു എന്നർത്ഥം അല്ലെങ്കിൽ "യെഹൂദ പ്രമാണിമാരേക്കാൾ" അറിവുള്ള അല്ലെങ്കിൽ "ഭൂരി ഭാഗം ആളുകളേക്കാൾ" എന്നർത്ഥം. [45]ഇവിടെ യേശുവിന്റെ വിചാരണയും പൗലൊസിന്റെ വിചാരണയും തമ്മിൽ സമാനതയുണ്ട്. വീണ്ടും, വീണ്ടും രണ്ടുപേരും നിരപരാധികളായി കാണുന്നു, എങ്കിലും വിടുന്നില്ല. [46]ഫെലിക്സിനു സഹസ്രാധിപന്റെ വിവരണങ്ങൾ കിട്ടിക്കഴിഞ്ഞതിനാൽ വീണ്ടും അവനെ വിളിക്കേണ്ട ആവശ്യമില്ല. [47]നമുക്ക് അറിയാവുന്നേടത്തോളം, ഈ എഴുത്തുകൾ ഒന്നും സൂക്ഷിച്ചിട്ടില്ല. ചിലർ പറഞ്ഞിട്ടുള്ളതു "തടവു ലേഖനങ്ങൾ" (എഫെസ്യർ, ഫിലിപ്പിയർ, കൊലൊസ്യർ, ഫിലേമോൻ) എന്നിവ കൈസര്യയിൽ നിന്നെഴുതി എന്നാണ്, എന്നാൽ അവ റോമയിൽ നിന്നെഴുതിയിരിക്കാനാണ് കൂടുതൽ സാധ്യത (ഫിലിപ്പിയർ 4:22). പൗലൊസ് കൈസര്യയിൽ തടവിലായിരുന്നപ്പോൾ എബ്രായ ലേഖനം എഴുതി എന്നും പറയുപ്പെടുന്നുണ്ട്; എന്നാൽ എബ്രായ ലേഖനം ആർ എഴുതി എന്ന് നമുക്ക് അറിയാത്തതുകൊണ്ട്, ഇതു ഊഹം മാത്രമാണ്. [48]അപ്പൊസ്തലൻ യെരുശലേമിൽ വന്നപ്പോൾ ലൂക്കൊസ് ഉണ്ടായിരുന്നതുകൊണ്ട് (21:17), പിന്നീടു പൗലൊസ് റോമയിലേക്കു പോയപ്പോൾ രണ്ടു വർഷം ലൂക്കൊസ് പൗലൊസിനോടൊപ്പം ഉണ്ടായിരുന്നതുകൊണ്ട് (27:1), അവൻ പൊതുവായ സ്ഥലത്തായിരുന്നു രണ്ടു വർഷം താമസിച്ചത് എന്നു കരുതുന്നു. [49]ജെയിംസ് ബർട്ടൺ കോഫ്മാൻ, *കമെന്ററി ഓൺ ആക്സ്* (ആസ്റ്റിൻ, ടെക്സാസ്.: ഫേം ഫൗണ്ടേഷൻ പബ്ലിഷിങ്ങ് ഹൗസ്, 1976), 462, 463. [50]ഉദ്ധരിച്ചതു ക്രിസ്റ്റഫർ മോർലെ, ഇഡി, *ദ ഷോർട്ടെർ ബാർലെറ്റ്സ് ഫിമിലിയർ ക്വട്ടേഷൻസ്* (ന്യൂയോർക്ക്: പെർമാബുക്സ്, 1953), 223.